(16) ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ

ശ്രീ. സി.കെ. നാണു : സർ, കേരളത്തിലെ ഗ്രാമവികസന വകുപ്പിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാരായ ആയിരത്തി അഞ്ഞൂറോളം വരുന്ന ആളുകൾ ഇന്ന് തിരുവനന്തപുരത്ത് ഗ്രാമ വികസന വകുപ്പിലെ കമ്മിഷണറേറ്റു നടയിലും ജില്ലാ കേന്ദ്രങ്ങളിലും ധർണ്ണ നടത്തുകയാണ്. ഈ ജീവനക്കാർ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനങ്ങളും പ്രക്ഷോഭണങ്ങളും നടത്തിയതിന്റെ ഫലമായി ഡോ. ബാബു പോൾ ഐ.എ.എസ്-നെ ഈ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ചിരുന്നു. ഏഴു മാസങ്ങൾക്കു മുൻപ് റിപ്പോർട്ട് സമർപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി 3.3.'99-ൽ യൂണിയനുകളുമായും പ്രധാനപ്പെട്ട സംഘടനകളുമായും ചർച്ചകൾ നടത്തിയിരുന്നു. മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആവശ്യങ്ങൾ ബി.ഡി.ഒ തസ്തികയിലേക്കുള്ള പ്രൊമോഷൻ ഈ വകുപ്പിന്റെ സംസ്ഥാനതല ഓഫീസിലെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം അവസാനിപ്പിക്കൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ അപ്ഗ്രഡേഷൻ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് അവർ പ്രക്ഷോഭണങ്ങൾ നടത്തുന്നത്. ഇന്ന് അവർ ധർണ്ണ സംഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അവരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരും ഇതര വിഭാഗം ജീവനക്കാരും അവരുടെ സർവ്വീസ് സംബന്ധിച്ച ആവശ്യങ്ങളും പ്രശ്നങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയശേഷം ഇക്കാര്യത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യാൻ സ്പെഷ്യൽ ഓഫീസറായി ഡോ. ബാബുപോളിനെ നിയമിക്കുകയുണ്ടായി. റിപ്പോർട്ട് 5.11.'98-ൽ ഗവണ്മെന്റിനു സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വിവിധ സംഘടനാ നേതാക്കളുമായി 3.3.'99-ൽ ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾകൂടി പരിശോധിച്ചശേഷം റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്ന കാര്യം ഗവണ്മെന്റ് സജീവമായി പരിഗണിക്കുന്നതാണ്. *(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

(17) കാസർഗോഡ് ജില്ലയിൽ മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

ശ്രീ. പി. രാഘവൻ : സർ, മത്സ്യബന്ധനത്തിനുപോയ ഒരു തോണി മറിഞ്ഞ് രണ്ട് തൊഴിലാളികൾ മരിക്കുകയും ഏഴു പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കാസർഗോഡ് ജില്ലയിലെ കുമ്പളപൊയ്പ്പാടി കടപ്പുറത്ത് മുഹമ്മദ്, മൊയ്തീൻകുട്ടി എന്നീ രണ്ടുപേരാണ് മരിച്ചത്. രണ്ടുപേരും ചെറുപ്പക്കാരാണ്. മത്സ്യം പിടിച്ച് തിരിച്ച് വരുമ്പോൾ തിരമാലകളിൽപ്പെട്ടാണ് തോണി മറിഞ്ഞ് മരണപ്പെട്ടത്. ബുധനാഴ്ച രാവിലെ ആറു മണിയോടെ പൊയ്പ്പാടി കടപ്പുറത്ത് അരുൺ എന്നയാളുടെ തോണിയിലാണ് മത്സ്യബന്ധനത്തിന് ഇവർ പോയത്. കടൽക്ഷോഭത്തെത്തുടർന്ന് തോണി എട്ടര മണിയോടെ തിരിച്ചുവരികയായിരുന്നു. കരയോട് എഴുപതു മീറ്റർ അടുത്ത് ശക്തമായ കാറ്റടിച്ചതിനാൽ കരയിലുള്ളവർക്കും അവരെ സഹായിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചില്ല. തൊട്ടു പിന്നാലെ വന്ന തോണിയിലുണ്ടായിരുന്നവരാണ് ഏഴുപേരെയും രക്ഷിച്ചത്. തോണിയുടെ മധ്യത്തിലിരിക്കുന്ന രണ്ടുപേരെയാണ് കാണാതായത്. മംഗലാപുരത്തുനിന്നും ഹെലികോപ്ടറും മറ്റും വന്നു തെരച്ചിൽ നടത്തിയെങ്കിലും അവരെ രക്ഷിക്കാൻ സാധിച്ചില്ല. വൈകുന്നേരം രണ്ടു പേരുടെയും ജഡം പൊയ്പ്പാടി കടപ്പുറത്ത് വന്നടിഞ്ഞു. ഇവരുടെ കുടുംബത്തെ സഹായിക്കുന്നതിന് കാലതാമസമില്ലാതെ ആനുകൂല്യം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പരിക്കേറ്റവരെ ചികിത്സിക്കാനുള്ള ഉത്തരവാദിത്വം പൂർണ്ണമായും ഗവണ്മെന്റ് ഏറ്റെടുക്കണം. കാസർഗോഡ് ഭാഗത്ത് ഇടയ്ക്കിടെ അപകടമുണ്ടാകുന്നു. ഇങ്ങനെ അപകടത്തിൽപ്പെടുന്നവരെ സഹായിക്കാൻ ഒരു സ്പീഡ് ബോട്ടെങ്കിലും നിലനിറുത്താൻ ആവശ്യമായ നടപടിയുണ്ടാകണം. 70 മീറ്റർ അടുത്തുണ്ടായ ഈ അപകടത്തിൽപ്പെട്ടവരെ തക്കസമയത്ത് രക്ഷിക്കാൻ എന്തെങ്കിലും ഏർപ്പാട് ഉണ്ടായിരുന്നെങ്കിൽ അവർ രക്ഷപ്പെടുമായിരുന്നു. അതിനാൽ സ്ഥിരമായ ഒരു ഏർപ്പാട് അവിടെ ഉണ്ടാകാനുള്ള നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കാസർഗോഡ് ജില്ലയിലെ കുമ്പള, പൊയ്പ്പാടി കടപ്പുറത്ത് യന്ത്രം ഘടിപ്പിച്ച രണ്ടു വള്ളങ്ങൾ മത്സ്യബന്ധനത്തിനുപോയി തിരികെ വരുമ്പോൾ കടൽ പ്രക്ഷുബ്ധമായതിനെത്തുടർന്ന് ഇന്നലെ രാവിലെ ഒൻപതു മണിയോടെ അപകടത്തിൽപ്പെട്ടു. മൊത്തം പതിമൂന്നു തൊഴിലാളികളാണ് ഉണ്ടായിരുന്നത്. പതിനൊന്നുപേരും രക്ഷപ്പെട്ടു. രണ്ടുപേരെ കാണാതായി. ഒരാളെ നിസ്സാര പരിക്കുകളോടെ കാസർഗോഡ് ഗവൺമെന്റ് ആശുപത്രിയിൽ എത്തിച്ചു. അപകട വിവരം അറിഞ്ഞ ഉടൻ കാസർഗോഡ് ഫിഷറീസ് ഡയറക്ടറുടെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനങ്ങൾക്കായുള്ള തെരച്ചിൽ നടത്തി. കാസർഗോഡ് ജില്ലാ കളക്ടർ മംഗലാപുരത്തുള്ള കോസ്റ്റൽ ഗാർഡുകളുടെയും ഇന്ത്യൻ നേവിയുടെയും സഹായത്തോടെ അന്വേഷണം നടത്തി.

മംഗലാപുരത്തുനിന്നും 134 എന്ന കോസ്റ്റ് ഗാർഡിന്റെ കപ്പലും നേവിയുടെ ഹെലികോപ്റ്ററും കണ്ണൂരിൽനിന്നുള്ള പെട്രോൾ ബോട്ടും തെരച്ചിൽ നടത്തി. കാണാതായ മുഹമ്മദ്, മൊയ്തീൻകുഞ്ഞ് എന്നിവരുടെ മൃതദേഹങ്ങൾ വൈകുന്നേരം അഞ്ച് മണിയോടുകൂടി കണ്ടുകിട്ടി. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഉടൻതന്നെ നൽകുന്നതാണ്.

IV. റിപ്പോർട്ട് സമർപ്പണം

(1) ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി വകുപ്പുമന്ത്രിയും 1-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനുമായ ഞാൻ നെല്ലിയാമ്പതി ഓറഞ്ച്-പച്ചക്കറി ഫാമിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 29-ാമത് റിപ്പോർട്ട്

ശ്രീ. ജോസ് ബേബി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപതാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly